

# നടവരമ്പ് സെന്റ് മേരീസ് (അസംപ്ഷൻ) ഇടവക

നടവരമ്പ് പ്രദേശത്തെ കത്തോലിക്കർ ആദ്യകാലങ്ങളിൽ വെളയനാട് ഇടവകയുടെ പരിധിയിലായിരുന്നു. അന്ന് നടവരമ്പത്തുണ്ടായിരുന്ന ഏതാണ്ട് 34 കത്തോലിക്കാകുടുംബക്കാർ വെളയനാടും, കല്പറമ്പിലുമുള്ള പള്ളികളെയാണ് ആശ്രയിച്ചിരുന്നത്. പരി. അമ്മയോടുള്ള ഭക്തിയിൽ വളരാൻ ഇത് വഴിയൊരുക്കി. അങ്ങനെയിരിക്കെ, 1883 മെയ് 1-ാം തിയ്യതി ഒരു കപ്പേള നിർമ്മിക്കാൻ നടവരമ്പത്തെ ക്രിസ്ത്യാനികൾക്ക് അന്നത്തെ കൊച്ചിരാജാവ് രാമവർമ്മ തമ്പുരാൻ അനുമതി നല്കി. ശ്രീ. തൊമ്മൻ പാറേക്കാടന്റെ പരിശ്രമഫലമായാണ് ഇത് സാധിച്ചത്. ഇപ്രകാരം ഓലമേഞ്ഞ ഒരു കപ്പേള പണിതു.

## ദേവാലയം

പിന്നീട്, അഭിവന്ദ്യ മെത്രാന്റെ കല്പന പ്രകാരം വെളയനാട് പള്ളി വികാരി മാസത്തിലൊരിക്കൽ നടവരമ്പ് പരി. മാതാവിന്റെ കപ്പേളയിൽ വി. ബലി അർപ്പിക്കാൻ തുടങ്ങി. 1917-ൽ ഈ കപ്പേള രൂപതാമെത്രാൻ മാർ യോഹന്നാൻ മേനാച്ചേരിയുടെ കല്പനപ്രകാരം ഒരു പള്ളിയായി ഉയർത്തപ്പെട്ടു. ആദ്യത്തെ വികാരിയായി ബഹു. അബ്രാഹം പുളിക്കനച്ചനെ നിയമിക്കുകയും ചെയ്തു. ബഹു. പുളിക്കനച്ചന്റെ നേതൃത്വത്തിൽ പഴയ കപ്പേളയുടെ സ്ഥാനത്ത് ഓടിട്ട ഒരു പള്ളി പണിതീർത്തു. ക്രമേണ സിമിത്തേരിയും, വൈദിക മന്ദിരവും പണിയാൻ സാധിച്ചു. 1948-ൽ സെന്റ് ആന്റണീസ് കപ്പേള സ്ഥാപിതമായി.

## ഇപ്പോഴത്തെ പള്ളി

ക്രമേണ, കുടുംബങ്ങൾ വർദ്ധിച്ചപ്പോൾ വലിയ പള്ളി ആവശ്യമായി വന്നു. പിന്നീട്, ബഹു. ജോർജ്ജ് ചെറപ്പണത്ത് അച്ചൻ വികാരിയായി വന്നശേഷം 1956 ആഗസ്റ്റ് 15-ാം തിയ്യതി പുതിയതും വലുതുമായ ഒരു പള്ളിക്കുവേണ്ടി തറക്കല്ലിട്ടു. 1958 ആഗസ്റ്റ് 14-ാം തിയ്യതി പുതിയ പള്ളിയുടെ ആശീർവാദകർമ്മം മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് നിർവ്വഹിച്ചു. ആഗസ്റ്റ് 15-ന് ഇടവക മദ്ധ്യസ്ഥയായ സ്വർഗ്ഗാരോപിത മാതാവിന്റെ തിരുന്നാൾ

സാഘോഷം കൊണ്ടാടുന്നു. 1971 ആഗസ്റ്റിൽ ബഹു. ജോസഫ് പടമാടനച്ചന്റെ നേതൃത്വത്തിൽ കൊടിമരം സ്ഥാപിച്ചു വെഞ്ചിരിച്ചു.

പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ പള്ളിയുടെ ഓടിട്ട മേല്പുര നവീകരിക്കേണ്ടതായി വന്നു. അതിനാൽ ബഹു. ആന്റണി ചിറ്റിലപ്പിള്ളിയച്ചന്റെ കാലത്ത് ഓടുമാറ്റി ആസ്ബസ്റ്റോസ് ഷീറ്റ് വിരിച്ചു. 1990-ൽ ബഹു. ആന്റോ തച്ചിലച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ അൾത്താര പുതുക്കി പണിയുകയും പള്ളിക്കൊരു പൂമുഖവും (നടപ്പുര) തെക്കുഭാഗത്ത് ഒരു വിങ്ങും പണിതീർക്കുകയും ചെയ്തു. പിന്നീട് ബഹു. സീജോ ഇരിമ്പൻ അച്ചന്റെ (2007-09) ഉത്സാഹത്തിൽ പള്ളിയ്ക്കകത്ത് സീലിംഗ് നിർമ്മിക്കയാൽ പള്ളിയകം ഇന്ന് ഏറെ മനോഹരമായിരിക്കുന്നു.

## മതബോധന സ്ക്കൂൾ

മതബോധനത്തിനുള്ള സൗകര്യം തീരെയില്ലായിരുന്നു. 1999-ൽ ബഹു. ജോയ് കടമ്പാട്ടച്ചന്റെ കാലത്താണ് പള്ളിയ്ക്ക് അത്യാവശ്യമായിരുന്ന മതബോധന സ്ക്കൂളിന്റെ നിർമ്മാണം സംഭാവന സമാഹരിച്ച് നടത്തിയത്.


മതബോധന സ്ക്കൂൾ

## ഷോപ്പിംഗ് കോംപ്ലക്സ്

ബഹു. സെബാസ്റ്റ്യൻ തേർമഠം അച്ചൻ വികാരിയായിരിക്കെ, നടവരമ്പ് സെന്ററിൽ പള്ളിവക ഒരു കെട്ടിടം നിർമ്മിക്കുകയും 1988-ൽ ഈ കെട്ടിടം കൂടുതൽ നീട്ടി പണിത് ഇന്നു കാണുന്ന സെന്റ് മേരീസ് ഷോപ്പിംഗ് കോംപ്ലക്സ് ആയിത്തീരുകയും ചെയ്തു.

## കപ്പേളകൾ

ഏറേ പഴക്കമുള്ളവയാണ് നടവരമ്പ് സെന്ററിലെ സെന്റ് ആന്റണീസ് കപ്പേളയും വൈക്കരയിലെ സെന്റ് മേരീസ് കപ്പേളയും. പള്ളിയ്ക്കഭിമുഖമായി മെയിൻ റോഡിന് സമീപമുള്ള സെന്റ് ജോർജ്ജ് കപ്പേള 1991-ൽ ബഹു. ആന്റോ തച്ചിലച്ചന്റെ നേതൃത്വത്തിലാണ് പണിയിച്ചത്. ബഹു. ജോയ് കടമ്പാട്ടച്ചന്റെ നേതൃത്വത്തിൽ പുതുക്കിപ്പണിത സെന്റ് ആന്റണീസ് കപ്പേള 1999 ജനുവരി 24-ന് മാർ ജെയിംസ് പഴയാറ്റൽ വെഞ്ചിരിച്ചു. 2008 മെയ് 31-ന് ആണ് വൈക്കരയിലെ സെന്റ് മേരീസ് കപ്പേള പുനർനിർമ്മിച്ചത്.


സെന്റ് മേരീസ് കപ്പേള


സെന്റ് ജോർജ്ജ് കപ്പേള


സെന്റ് ആന്റണീസ് കപ്പേള

## കോൺവെന്റ് & ബാലഭവൻ

1968-ൽ പെ. ബഹു. തോമസ് പാറേക്കാടനച്ചന്റെ സഹായസഹകരണങ്ങളോടുകൂടി അദ്ദേഹത്തിന്റെ ഇളയപ്പൻ ശ്രീ. വറീത് പാറേക്കാടൻ നൽകിയ സ്ഥലത്ത് കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനീസമൂഹം സ്ഥാപിച്ചതാണ് സെന്റ് തോമസ് കോൺവെന്റ്. 1976 മുതൽ അവർ നടത്തുന്ന ബാലഭവൻ നിർദ്ധനരായ 40 കുട്ടികൾക്ക് വിദ്യാഭ്യാസം, താമസം, ഭക്ഷണം



സെന്റ് തോമസ് ചാരിറ്റി കോൺവെന്റ് & ബാലഭവൻ

ഇത്യാദി സൗകര്യങ്ങൾ നല്കുന്നതിലൂടെ അനേകം സാധു കുടുംബങ്ങൾക്ക് അത്താണിയായി വർത്തിക്കുന്നു. ഒരു നഴ്സറി സ്ക്കൂൾ അവർ നടത്തുന്നു. അതോടൊപ്പം ഇടവകയിലെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു.




സെന്റ് തോമസ് നഴ്സറി സ്ക്കൂൾ

## ശതാബ്ദി ആഘോഷം

1983-ൽ വികാരി റവ. ഫാ. പോൾ എളംകുന്നപ്പുഴയുടെ നേതൃത്വത്തിൽ പ്ലാൻ ചെയ്ത ശതാബ്ദി ആഘോഷം ഏറെ ശ്രദ്ധേയമായിരുന്നു.

## പാരിഷ് ഹാൾ, വൈദികമന്ദിരം

2004-2007 കാലത്ത് അന്നത്തെ വികാരി ബഹു. ജോയ് തറയ്ക്കലച്ചന്റെ ദീർഘദൃഷ്ടിയും ഇടവകയിലെ ചിലരുടെ നേതൃത്വവും എല്ലാവരുടെ സഹകരണവും കൂടിയായപ്പോൾ ഇടവകയ്ക്ക് ആവശ്യമായിരുന്ന പാരിഷ്ഹാളും പുതിയ വൈദികമന്ദിരവും കാര്യാലയവും യാഥാർത്ഥ്യമായി. 2005-ൽ അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ പാരിഷ്ഹാൾ ആശീർവദിച്ചു, 2006 ഏപ്രിൽ 8-ന് വൈദികമന്ദിരവും. തുടർന്ന് മിനിഹാളും നിർമ്മിച്ചു.



പാരിഷ് ഹാൾ



വൈദിക മന്ദിരം & കാര്യാലയം

## ജൂബിലി ട്രസ്റ്റ്

125-ാം വാർഷികത്തിന്റെ ഓർമ്മയ്ക്കായി സാധുജനങ്ങൾക്ക് ചികിത്സ, വിദ്യാഭ്യാസം, ഭവനനിർമ്മാണം മുതലായവയ്ക്ക് സഹായം നല്കുന്നതിനു വേണ്ടി സെന്റ് മേരീസ് ചർച്ച് ജൂബിലി ട്രസ്റ്റ് എന്ന പ്രസ്ഥാനം 2008-ൽ ആരംഭിച്ചിട്ടുണ്ട്.